## ശ്രീ. എം. വിൻസെന്റ് എം.എൽ.എ 22.01.2021 – ന് അവതരിപ്പിക്കുന്ന "കൈത്തറി മേഖലയുടെ സ്തംഭനാവസ്ഥ" സംബന്ധിച്ച സബ്മിഷനുള്ള മറുപടി

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രമുഖമായ സ്ഥാനമാണ് കൈത്തറി വസ്ത്രമേഖലയ്ക്കുള്ളത്. ഈ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ ധാരാളം നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. അതുമാത്രമല്ല നൂറോ നൂറ്റിയമ്പതോ രൂപയാണ് കൂലിയിനത്തിൽ ലഭിച്ചിരുന്നത്. വർഷത്തിൽ നൂറു ദിവസത്തിൽ താഴെ മാത്രമായിരുന്നു തൊഴിലാളികൾക്ക് ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും നിരന്തരം കൊഴിഞ്ഞുപോകുന്ന അവസ്ഥ സംജാതമായിരുന്നു. ഈ സാഹചര്യത്തിൽ പരമ്പരാഗത നെയ്ത്തു തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിനും കൈത്തറി മേഖലയുടെ സമഗ്രമായ ഉന്നമനവും ലക്ഷ്യമാക്കിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്.

ഈ സർക്കാർ നടപ്പിലാക്കിയ ജനോപകാരപ്രദമായ പദ്ധതികളിൽ ഏറ്റവും മുഖ്യമായ സ്ഥാനമാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനു ശേഷം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ തൊഴിലും പ്രതിദിനം 600 രൂപയിലേറെ കൂലിയും ലഭിക്കുന്ന വിധത്തിൽ തൊഴിൽ സാഹചര്യമുണ്ടായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5900 – ൽ പരം നെയ്ത്തുകാരുടെയും 1600 – ഓളം നെയ്ത്തു അനുബന്ധ തൊഴിലാളികളുടെയും തൊഴിൽ സ്ഥിരത ഉറപ്പാക്കിയിട്ടുണ്ട്. കൂലിയിനത്തിൽ തന്നെ നെയ്ത്തുകാർക്ക് ഇതുവരെ 160 കോടിയോളം രൂപ വിതരണം ചെയ്തിട്ടുണ്ട്. 2020 സെപ്തംബർ മാസം വരെയുള്ള കൂലി നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ കൂലി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സ്ഥിരതയും മെച്ചപ്പെട്ട കൂലിയും ഉറപ്പായതിനുശേഷം ഈ മേഖലയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി തടയാനും പുതുതായി 1071 പേർക്ക് തൊഴിൽ നൽകാനും കഴിഞ്ഞു.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ഇതുവരെയും പ്രതിസന്ധിയിലേക്കോ സ്തംഭനാവസ്ഥയിലേക്കോ നീങ്ങിയിട്ടില്ല. കോവിഡ് - 19 പ്രതിസന്ധി നിലനിന്നിരുന്നിട്ടു പോലും പ്രതീക്ഷ കൈവിടാതെ ഈ മേഖലയിൽ തന്നെ ഉറച്ചു നിൽക്കുന്നതിനു തൊഴിലാളികളെ പ്രാപ്തരാക്കി. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിനു ശേഷം കൈത്തറി മേഖലയ്ക്കുണ്ടായ പുത്തൻ ഉണർവ്വ് ആശാവഹമാണ്. സർക്കാർ നടപ്പിലാക്കി വിജയിച്ച സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലും, കൈത്തറി മേഖലയിൽ നൽകി വരുന്ന മിനിമം കൂലി സംബന്ധിച്ചും കേരളത്തിൽ സന്ദർശനം നടത്തിയ പാർലമെന്ററി സമിതി ആകൃഷ്ടരാകുകയും പ്രത്യേകം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി ഇതേ രീതിയിൽ മറ്റു സംസ്ഥാനങ്ങളിലും നടപ്പിൽ വരുത്തുന്നതിനും മേൽ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കു ലഭിച്ച അംഗീകാരമായി ഇത് കണക്കാക്കാവുന്നതാണ്. കൂടാതെ നെയ്ത്തു തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നൽകുകയും 2016- 17 സാമ്പത്തിക വർഷം മുതൽ 2020 - 21 വരെ താഴെപ്പറയും പ്രകാരം ആകെ 25.84 കോടി രൂപ പ്രൊഡക്ഷൻ ഇൻസെന്റീവായി കൈത്തറി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

| വർഷം | രൂപ |
|---|---|
| 2016 - 17 | 3.12 കോടി |
| 2017 - 18 | 9.5 കോടി |
| 2018 - 19 | 4.02 കോടി |
| 2019 - 20 | 5 കോടി |
| 2020 - 21 | 4.20 കോടി |
| **ആകെ** | **25.84 കോടി** |

തുടർന്നും അർഹരായവർക്കുള്ള തുക അനുവദിച്ച് നൽകുന്നതാണ്.

***************